(ഛ) പെരുഞ്ചാണി ജലസേചന പദ്ധതിക്കും കൃഷിവ്യാപ്തിക്കും കൂടി ഫണ്ട് ലക്ഷം രൂപ.

ആദ്യത്തെ രണ്ടുകൊല്ലങ്ങളിൽ നൂറു ശതമാനം നിരക്കിലുള്ള പലിശ ഒടുക്കണം. പിന്നീട് മുതലും പലിശയും ഉൾപ്പെടെയുള്ള തുക ആണ്ടിൽ ഒരു തവണ വീതം ഏഴു തുല്യതവണകളിലായി അടച്ചു തീർക്കണമെന്നും വ്യവസ്ഥയുണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: കയർ വ്യവസായത്തിന്റെ അഭിവൃദ്ധിക്കു വേണ്ടിയുള്ള പദ്ധതിക്ക് എന്തു തുകയാണ് ആവശ്യമുള്ളതെന്നു പറയാമോ?

ശ്രീ. കെ. എം. കോര: അതിന്റെ ശരിയായ കണക്കു പറയാൻ ഇപ്പോൾ നിവൃത്തിയില്ല.

Sri. A. P. Udayabhanu: Is it possible to give us a specific idea of the way in which the money is sought to be utilised?

ശ്രീ. കെ. എം. കോര: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ഭക്ഷ്യക്ഷാമം

*നമ്പർ. (ചോദ്യം) ശ്രീമതി ദേവകി ഗോപിദാസ്‡: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഫൻ ൪൦-ൽ ആഹാരത്തിന്റെ കുറവുകൊണ്ട്—നിരാശയാൽ തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ ആരെങ്കിലും ആത്മഹത്യ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർ;

(ബി) ഫൻ ൪൧-ൽ ഭക്ഷ്യക്ഷാമം മൂലം ജീവിക്കുവാൻ നിവൃത്തിയില്ലാതെ നിരാശയിൽ ആരെങ്കിലും ആത്മഹത്യ ചെയ്തിട്ടുണ്ടോ;

(സി) ഫൻ൪൦-ൽ ക്ഷ്യക്ഷാമംമൂലം ജനങ്ങളുടെയിടയിൽ തിരുവിതാംകൂർ–കൊച്ചിയിൽ സുഖക്കേടുകൾ വർദ്ധിച്ചിട്ടുണ്ടോ?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) ഫൻ ൪൦-ൽ ആഹാരത്തിന്റെ കുറവുകൊണ്ട് നിരാശയാൽ ഈ സ്റ്റേറ്റിൽ യാതൊരുത്തരും ആത്മഹത്യ ചെയ്തിട്ടില്ല.

(ബി) അങ്ങിനെ ഒരുത്തരും ആത്മഹത്യ ചെയ്തതായി അറിവില്ല.

(സി) ഇല്ല.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: ഭക്ഷണധാന്യങ്ങൾ കുഴതലായിട്ട് സെൻട്രൽ ഗവൺമെന്റ് അനുവദിക്കുന്നില്ലെങ്കിൽ ഇവിടെയുള്ള മന്ത്രിമാർ ആത്മഹത്യ ചെയ്യുമെന്നു ഒരു പ്രസ്താവന പുറപ്പെടുവിച്ചിട്ടുള്ളതായി അറിയാമോ?

Mr. Speaker: That question is disallowed.

ശ്രീ. താസ്സർ ഡിസിൽവ: മുൻകൊല്ലങ്ങളെ അപേക്ഷിച്ച് ഫൻ൪൧-ൽ ആത്മഹത്യ കുഴതലാണെന്നറിയാമോ?

ശ്രീ. കെ. എം. കോര: അറിയാൻ പാടില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ചേർത്തല ഒരു പള്ളിക്കൂടത്തിൽ ഒരു കുട്ടി ആഹാരം കിട്ടാത്തതുകൊണ്ട് മോഹാലസ്യപ്പെട്ടു വീണുപോയതായിട്ടറിയാമോ?

ശ്രീ. കെ. എം. കോര: അറിഞ്ഞുകൂടാ.

‡As the member was absent, this question was put by Sahib Bahadur T. A. Moideenkunju with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly